FOUNDER EDITOR: K. SUKUMARAN B.A.

# കേരളകൗമുദി

Published from:
Thiruvananthapuram
Kollam, Alappuzha
Kottayam
Kochi
Kozhikode
Kannur & Bangalore

Helpline: 95471 2454647
www.keralakaumudi.com

2005 ആഗസ്റ്റ് 14 ഞായർ • 1180 കർക്കടകം 29 • തിരുവനന്തപുരം • വില 3 രൂപ 50 പൈസ • പേജ് 18

സുനീഷ് വാരനാട്

# റെജി ഡോക്ടറല്ല പക്ഷേ...



**മെഡിക്കൽ എൻസൈക്ലോപീഡിയ എന്ന സി.ഡി റോമിലൂടെ ശ്രദ്ധയാകർഷിക്കുന്ന റെജി വസന്തിനെക്കുറിച്ച്...**

**വൈ**ദ്യശാസ്ത്രത്തിൽ കുലമഹിമയും പാരമ്പര്യവുമില്ല. എന്തിനേറെ ഒരു ഡോക്ടർ പോലുമല്ല. എന്നിട്ടും റെജി വസന്ത് എന്ന കംപ്യൂട്ടർ അദ്ധ്യാപകനെ അറിഞ്ഞോ, അറിയാതെയോ മെഡിക്കൽ വിദ്യാർത്ഥികൾ ആശ്രയിക്കുന്നു. അവരുടെ 'ഡോക്ടർ സ്വപ്ന'ത്തിന്റെ സാക്ഷാത്കാരത്തിനായി...

മെഡിക്കൽ ബിരുദപഠനവും അദ്ധ്യാപനവും എളുപ്പമാക്കാൻ 'മെഡിക്കൽ എൻസൈക്ലോപീഡിയ' എന്ന സി.ഡിയെ ഇന്നത്തെ മെഡിക്കൽ വിദ്യാർത്ഥികളിൽ പലരും (പലപ്പോഴും അദ്ധ്യാപകരും) ആശ്രയിക്കുമ്പോൾ അവരാരും അറിയുന്നില്ല; റെജി വസന്തിന്റെ വർഷങ്ങൾ നീണ്ട കഠിന പ്രയത്നത്തിന്റെ ഫലമാണിതെന്ന്. മെഡിക്കൽ സയൻസിന്റെ ഉത്ഭവം മുതൽ ജനറ്റിക് കോഡ്, സെൽസ്, അനാട്ടമി തുടങ്ങി മനുഷ്യശരീരത്തിന്റെ മുഴുവൻ മേഖലയെയും കുറിച്ചുള്ള വിവരങ്ങൾ വിരൽത്തുമ്പിലെ 'ക്ലിക്കി'ൽ എത്തിക്കുന്ന 'മെഡിക്കൽ എൻസൈക്ലോപീഡിയ' ചിത്രങ്ങളുടെയും ഗ്രാഫിക്സ്-അനിമേഷനുകളുടെയും സഹായത്തിലാണ് വിവരങ്ങൾ കൈമാറുന്നത്.

ഒരു പാഠപുസ്തകം മുഴുവൻ വായിച്ചുതീർക്കുന്നതിനേക്കാൾ വേഗത്തിൽ ഉള്ളടക്കം മുഴുവൻ വിദ്യാർത്ഥിയുടെ മനസ്സിലേക്ക് പതിയത്തക്കരീതിയിലാണ് ഈ സി.ഡി റോം തയ്യാറാക്കിയിരിക്കുന്നത്. 2000-ത്തോളം ഗ്രാഫിക്സുകളും അനിമേഷനുകളും സങ്കീർണ്ണമായ മെഡിക്കൽ പഠനത്തെ ലളിതമാക്കുകയും ചെയ്യുന്നു.

റെജി വസന്തിന്റെ നേതൃത്വത്തിലുള്ള തിരുവനന്തപുരത്തെ ഗവേഷക സംഘമായ 'മിഷൻ ഇന്ത്യ'യാണ് സി.ഡി വിപണിയിലെത്തിച്ചിരിക്കുന്നത്. ഇതിനകം തന്നെ 500 രൂപ വിലയുള്ള സി.ഡിയുടെ 1,500 ഓളം കോപ്പികൾ വിറ്റുകഴിഞ്ഞതായി 'മിഷൻ ഇന്ത്യ' ഡയറക്ടർ കൂടിയായ റെജിവസന്ത് പറഞ്ഞു.

"വൈദ്യശാസ്ത്രരംഗത്തെ അറിവുകൾ സാധാരണക്കാരിലെത്തിക്കുക എന്നതാണ് സി.ഡിയുടെ ഉദ്ദേശ്യം. കുട്ടികൾക്കും സാധാരണക്കാരായ തൊഴിലാളികൾക്കും മെഡിക്കൽ വിദ്യാർത്ഥികൾക്കും അതിലുപരി ഡോക്ടർമാർക്കുപോലും വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന രീതിയിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്."

തിരുവനന്തപുരത്തെ ഗവ. ആയുർവേദ കോളേജിൽ മനുഷ്യശരീരത്തെക്കുറിച്ച് ഒരു എൻസൈക്ലോപീഡിയ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ റെജി വസന്തിന്റെ ശ്രമങ്ങളിൽ നിന്നുമാണ് ഒടുവിൽ 'മെഡിക്കൽ എൻസൈക്ലോപീഡിയ'യിലെത്തിയത്. ആയുർവേദ കോളേജിനു വേണ്ടി ആദ്യം എട്ടോളം സി.ഡികളിലേക്ക് മനുഷ്യശരീരവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളെയും സന്നിവേശിപ്പിച്ചു. ആംഗലേയത്തിൽ ബിരുദാനന്തരബിരുദവും കംപ്യൂട്ടർ മാനേജ്മെന്റിൽ ബി.ടെക്കുമുള്ള റെജി വൈദ്യശാസ്ത്രത്തിന്റെ വിവിധ മേഖലകളിലേക്ക് ആഴത്തിലുള്ള സന്ദർശനവും പഠനവും നടത്തിയാണ് ആയുർവേദകോളേജിനുവേണ്ടി ഏറ്റെടുത്ത ദൗത്യം പൂർത്തിയാക്കിയത്. തുടർന്ന് വിവരസാങ്കേതികതയുടെ ഈ പുതുയുഗത്തിൽ പുസ്തകങ്ങളെക്കാൾ കാര്യങ്ങൾ എളുപ്പത്തിൽ പറയുന്ന ഇത്തരം സി.ഡികളുടെ സാദ്ധ്യതകളെക്കുറിച്ച് റെജി മനസ്സിലാക്കുകയായിരുന്നു.

പിന്നീട് നെടുമങ്ങാട് പഴകുറ്റിയിലെ 'ജയവിലാസി'ലെ റെജിയുടെ മുറിക്കുള്ളിലെ പഠനം വൈദ്യശാസ്ത്രത്തിലേക്ക് തിരിഞ്ഞു. സാമ്പത്തിക പ്രതിസന്ധി പലപ്പോഴും ബുദ്ധിമുട്ടായപ്പോൾ പഠനകേന്ദ്രം ബാംഗ്ലൂരിലേക്ക് പറിച്ചുനട്ടു. ബാംഗ്ലൂരിലെ നാലോളം സോഫ്റ്റ്‌വെയർ കംപ്യൂട്ടർ സ്ഥാപനങ്ങളിൽ കുട്ടികളെ 'മൾട്ടി മീഡിയ' പഠിപ്പിക്കുന്നതിൽനിന്നും കിട്ടിയ തുകയും അദ്ധ്യാപനത്തിന്റെ ഇടവേളകളും സ്വന്തം പഠനത്തിനായി മാറ്റിവച്ചു. നിരവധി പ്രഗല്ഭ വൈദ്യന്മാരുമായുള്ള കൂടിക്കാഴ്ചകൾ, ലൈബ്രറികളിലെ ഗവേഷക പ്രബന്ധങ്ങൾ.... ഒടുവിൽ 'ഹ്യൂമൻ ബോഡി'യുടെ ആറ് പരമ്പരയും 'മാസ്റ്റർ ബ്രെയിനി'ന്റെ ഏഴ് പരമ്പരയും സി.ഡി രൂപമായി. ക്രോഡീകരിച്ച രൂപമായ 'മെഡിക്കൽ എൻസൈക്ലോപീഡിയ' ദുബായിലെ ജീടെക്സിന്റെ ഇന്റർനാഷണൽ എക്സിബിഷനിൽ പ്രദർശിപ്പിച്ചു. അവിടെ നിന്നുണ്ടായ ബന്ധങ്ങൾ സി.ഡിയെ ലോക ആരോഗ്യ സംഘടനയിലും എത്തിച്ചു. തുടർന്ന് ബി.ബി.സിയിൽ 'വേൾഡ് ചലഞ്ച് ഈവന്റ്സ്'ന്റെ പട്ടികയിലും സി.ഡി പ്രവേശിച്ചു.

"കഷ്ടപ്പെടലിന് ഫലമുണ്ടാകുന്നത് കാണുമ്പോൾ വല്ലാത്ത ആത്മസംതൃപ്തിയുണ്ട്. എന്നാലും നമ്മുടെ നാട്ടിൽനിന്നും പ്രോത്സാഹനങ്ങൾ വളരെ കുറവാണ്. വിദേശത്തുനിന്നും വരുന്ന ആഡംസിന്റെയും മോസ്-ബയോസിന്റെയുമൊക്കെ സി.ഡികളെയാണ് ഇവിടെ ഇന്നും ആശ്രയിക്കുന്നത്. അതിനേക്കാളൊക്കെ വിലയിൽ കുറവും ഗുണത്തിൽ മെച്ചവുമുള്ള എന്റെ സി.ഡിയെ കണ്ടില്ലെന്ന് നടിക്കാനാണ് പലർക്കും ഇഷ്ടം. എന്നാൽ ഇപ്പോൾ സ്ഥിതിയിൽ കുറെയൊക്കെ മാറ്റമുണ്ട്."

ഇന്റലിജൻസ് ബ്യൂറോയിൽ ഇൻസ്പെക്ടറായിരുന്ന പരേതനായ വസന്തകുമാറിന്റെ മകനായ റെജി വസന്തിന് നാട് അംഗീകരിക്കാത്തതിൽ വിഷമമുണ്ടെങ്കിലും രാഷ്ട്രപതിയുടെ 'വിഷൻ-2020' എന്ന പദ്ധതി ആശ്വാസം പകരുന്നുണ്ട്. മെഡിക്കൽ ട്രാൻസ്ക്രിപ്ഷനിൽ സ്പെഷ്യലൈസ് ചെയ്ത റെജി ഇപ്പോൾ 'തലച്ചോറിന്റെ തിയറി'യെക്കുറിച്ചുള്ള ഗവേഷണത്തിലാണ്. കീബോർഡും, മനസ്സും ഉപയോഗിക്കാതെ റിമോട്ടിൽ പ്രവർത്തിക്കുന്ന സി.ഡിയായിരിക്കും പുതിയത്. വൈദ്യശാസ്ത്രരംഗത്തെ പുതിയ അറിവുകളെ വിരൽത്തുമ്പിലെത്തിക്കാനുള്ള സ്വപ്നങ്ങൾ ചിറക് വിരിച്ച് പറക്കുമ്പോഴും ചിലർ ചോദിച്ചു- "ഈ സി.ഡിയിലുള്ളതൊക്കെ ഞങ്ങളെങ്ങനെ വിശ്വസിക്കും. കാരണം നിങ്ങൾ ഒരു ഡോക്ടറല്ലല്ലോ?"

രോഗാതുരമായ സമൂഹത്തിന്റെ ചോദ്യത്തിന് സി.ഡിയിലൂടെ പോലും മരുന്ന് കണ്ടുപിടിക്കാനാകില്ലെന്ന് സ്വയം ആശ്വസിച്ചുകൊണ്ട് റെജി തന്റെ ശ്രമങ്ങൾ തുടരുകയാണ്.